SCOLE KERALA
STATE COUNCIL FOR OPEN & LIFELONG EDUCATION - KERALA

**STATE COUNCIL FOR OPEN AND LIFELONG EDUCATION - KERALA [SCOLE-Kerala]**
[Formerly Kerala State Open School (KSOS)]
Vidyabhavan, Poojappura, Thiruvananthapuram -695012
**Phone: 0471 2348581, 2342950, 2342271, 2342369 Fax: 0471 2344841, email : ksos8581@gmail.com**

# ഹയർസെക്കൻഡറി പ്രൈവറ്റ് രജിസ്ട്രേഷൻ വിദ്യാർഥികളുടെ നിരന്തരമൂല്യനിർണയത്തിന്റെ ഭാഗമായുള്ള ഓറിയന്റേഷൻ ക്ലാസ് നടത്തിപ്പ്

**പരീക്ഷാകേന്ദ്രം പ്രിൻസിപ്പാൾ/കോഡിനേറ്റിംഗ് ടീച്ചർ എന്നിവർക്കുള്ള മാർഗ നിർദ്ദേശങ്ങൾ**

1 സ്കോൾ-കേരള മുഖാന്തിരം 2015-17 ബാച്ചിൽ പ്രൈവറ്റ് രജിസ്ട്രേഷൻ നേടി **രണ്ടാംവർഷ പഠനം നടത്തുന്ന പ്രൈവറ്റ് രജിസ്ട്രേഷൻ വിദ്യാർഥികൾക്ക് രണ്ട് ദിവസത്തെ ഓറിയന്റേഷൻ ക്ലാസ്സുകൾ നവം. 20, 27 തീയതികളിലും 2016-18 ബാച്ച് ഒന്നാം വർഷ വിദ്യാർഥികളുടെ ഓറിയന്റേഷൻ ക്ലാസ്സുകൾ 2016 ഡിസംബർ 04, 11** തീയതികളിലുമായി അതത് പരീക്ഷാകേന്ദ്രങ്ങളിൽ സംഘിടിപ്പിക്കേണ്ടതാണ്. പ്രസ്തുത തീയതികൾ പരീക്ഷാകേന്ദ്രത്തിന്റെ സൗകര്യാർഥം മാറ്റം വരുത്താവുന്നതാണ്.

2 ഓറിയന്റേഷൻ ക്ലാസ്സുകൾ സംഘടിപ്പിക്കുന്ന തീയതികൾ പരീക്ഷാകേന്ദ്രങ്ങളിൽ നിന്നും പത്രമാധ്യമങ്ങളിലൂടെ വിദ്യാർഥികൾക്ക് അറിയിപ്പ് നൽകേണ്ടതാണ്.

3 2016-18 ബാച്ച് ഒന്നാംവർഷ പ്രൈവറ്റ് രജിസ്ട്രേഷൻ വിദ്യാർഥികൾ സ്കോൾ-കേരള വെബ്സൈറ്റിൽ നിന്നും ഡൗൺലോഡ് ചെയ്ത് ഹാജരാക്കുന്ന രജിസ്ട്രേഷൻ മെമ്മോയിൽ കോഡിനേറ്റിംഗ് ടീച്ചർ മേലൊപ്പ് പതിപ്പിച്ച് നൽകേണ്ടതാണ്.

4. 2016-18 ബാച്ച് ഒന്നാംവർഷം രജിസ്ട്രേഷൻ നേടിയ വിദ്യാർഥികളുടെ പട്ടിക രജിസ്ട്രേഷൻ നടപടികൾ പൂർത്തിയാകുന്ന മുറയ്ക്ക് സ്കോൾ-കേരളയുടെ വെബ് സൈറ്റിൽ (www.scolekerala.org) പ്രസിദ്ധപ്പെടുത്തും. പരീക്ഷാകേന്ദ്രങ്ങൾക്ക് അനുവദിച്ചിട്ടുള്ള User Name & Password ഉപയോഗിച്ച് ഈ പട്ടിക ഡൗൺ ലോഡ് ചെയ്യാൻ സൗകര്യം ചെയ്തിട്ടുണ്ട്.

5 നിരന്തര മൂല്യനിർണയത്തിന്റെ ഭാഗമായുള്ള ഓറിയന്റേഷൻ ക്ലാസ്സുകൾ സംഘടിപ്പിച്ചതിന്റെ സി.ഇ. മാർക്കുകൾ ഹയർസെക്കൻഡറിയിൽ നിന്നും അറിയിപ്പ് ലഭിക്കുന്നതനുസരിച്ച് അപ് ലോഡ് ചെയ്യേണ്ടതാണ്.

6 ഓറിയന്റേഷൻ ക്ലാസ്സുകൾ സംഘടിപ്പിച്ചതിന്റെ തുക അനുവദിക്കുന്നതിന് ഹയർസെക്കൻഡറി/സ്കോൾ-കേരള വെബ് സൈറ്റിൽ നിന്നും നിർദ്ദിഷ്ട ഓറിയന്റേഷൻ ഫോമുകൾ ഡൗൺലോഡ് ചെയ്ത് കൃത്യമായി പൂരിപ്പിച്ച് 31.01.2017 തീയതിക്കുള്ളിൽ സംസ്ഥാന ഓഫീസിൽ എത്തിക്കേണ്ടതാണ്. എങ്കിൽ മാത്രമേ ഈ സാമ്പത്തികവർഷം പരീക്ഷാകേന്ദ്രങ്ങൾക്ക് ഓറിയന്റേഷൻ തുക അനുവദിക്കാൻ സാധിക്കുകയുള്ളൂ.

7 ഓറിയന്റേഷൻ ഫോമിനോടൊപ്പം റവന്യൂ സ്റ്റാമ്പ് പതിപ്പിച്ച മുൻകൂർ രസീത്, യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് എന്നിവ ഉൾക്കൊള്ളിക്കേണ്ടതാണ്. മുൻകൂർ രസീതിൽ തുക രേഖപ്പെടുത്തേണ്ടതില്ല.

ഒപ്പ്/-

**15.11.2016** **എക്സിക്യൂട്ടീവ് ഡയറക്ടർ**